Draft #1 of File 37926/AC A1-3/2022/AC A 1 Approved by Registrar on 26-Mar-2022 03:18 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 37926/AC A1-3/2022/AC A 1 തീയതി: 26.03.2022

പ്രിയദർശിനി ഹിൽസ്

## സർക്കുലർ

വിഷയം:- സ്വാശ്രയ കോളേജുകൾ /കോഴ്സുകൾ എന്നിവയുടെ താല്ക്കാലിക അഫിലിയേഷൻ 2022-23 അദ്ധ്യയനവർഷം തുടരുന്നതു സംബന്ധിച്ച്.

സൂചന :- ____________

സ്വാശ്രയ കോളേജുകളുടേയും എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടേയും അഫിലിയേഷൻ ഓരോ വർഷവും പുതുക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി, എല്ലാ സ്വാശ്രയ കോളേജുകളും സ്വാശ്രയ കോഴ്സുകൾ നടത്തുന്ന എയ്ഡഡ് കോളേജുകളും 2022-23 അദ്ധ്യയനവർഷം അഫിലിയേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ 06.04.2022നു മുൻപായി സമർപ്പിക്കേണ്ടതാണ്. 2021-22 അദ്ധ്യയനവർഷം വരെയുള്ള ഡി സി ബി സ്റ്റേറ്റ്മെന്റ് ഇന്റേണൽ ഓഡിറ്റ് സെക്ഷനിൽ ഹാജരാക്കിയശേഷം കുടിശ്ശികയില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രമേ അഫിലിയേഷൻ പുതുക്കി നൽകുകയുള്ളൂ (12.12.2019 തീയതിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 6378/AC A1/ 2019/എം ജി യു ).

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

1.സർവകലാശാലയിൽ ഫീസ് സംബന്ധിച്ച് കുടിശ്ശികയില്ല എന്ന് തെളിയിക്കുന്ന ബാധ്യതാരഹിത സാക്ഷ്യപത്രം

2.കോളേജുകൾ /കോഴ്സുകൾ എന്നിവയുടെ അഫിലിയേഷൻ പുതുക്കുന്നതിനുള്ള ഫീസ് അടച്ചതിൻറെ രസീത്.

3.ഇൻസ്പെക്ഷൻ ഫീസ് അടച്ചതിൻറെ രസീത്.

4.അഫിലിയേഷൻ പുതുക്കേണ്ട കോഴ്സുകളുടെ ലിസ്റ്റ്

### ഫീസ് അടയ്ക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ

| | | |
|---|---|---|
| 1. | സ്വാശ്രയ കോളേജുകളുടെ അഫിലിയേഷൻ പുതുക്കി നൽകുന്നതിനുള്ള ഫീസ് (ഓരോ കോളേജിനും) | 15750 |
| 2. | സ്വാശ്രയ കോഴ്സുകളുടെ അഫിലിയേഷൻ പുതുക്കി നൽകുന്നതിനുള്ള ഫീസ് (ഓരോ കോഴ്സിനും) | 5250 |
| 3. | ഇൻസ്പെക്ഷൻ ഫീസ് - 3150 രൂപ /Member | 3150 |

ഓരോ ഫീസിനവും മഹാത്മാഗാന്ധി സർവകലാശാലയുടെ epay.mgu.ac.in ലിങ്കിൽ പണമടച്ച് രസീത് അഫിലിയേഷൻ പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഡോ.പ്രകാശ് കുമാർ .ബി
രജിസ്ട്രാർ